കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഒഴൂർ ഗ്രാമപഞ്ചായത്ത്

## 2016-17

## ഓഡിറ്റ് റിപ്പോർട്ട്

## ജില്ലാ ഓഡിറ്റ് കാര്യാലയം
## മലപ്പുറം

e-mail:dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.10/2264/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

മലപ്പുറം

തീയതി 25-11-17

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ഒഴൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ഒഴൂർ ഗ്രാമപഞ്ചായത്ത് -2016-17 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ്റിപ്പോർട്ട്- സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒഴൂർ ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ /തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

എബികെ11/17

നം. കെ.എസ്.എ.എം.പി.എം.10/2264/2017

തിയ്യതി: 25/11/2017

മലപ്പുറം ജില്ലയിലെ ഒഴൂർ ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

മലപ്പുറം ജില്ലയിലെ ഒഴൂർ ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 17-12-2016 മുതൽ 26-09-2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മാത്രമേ മറുപടി ലഭിച്ചിട്ടുള്ളൂ. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ – ശ്രീ.എ.എസ്.ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ
ഓഡിറ്റിന് വിനിയോഗിച്ച സമയം – 27-09-2017 മുതൽ 11-10-2017 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീ.ഉണ്ണി പി | ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ) |
| 2 | ശ്രീ. പി.പി. മുഹമ്മദ് സിയാദ് | സീ. ഗ്രേ.ഓഡിറ്റർ |
| 3 | ശ്രീ. ബിജേഷ് എ. എസ് | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി പ്രജിത.കെ.വി | 01.04.2016 മുതൽ 31.03.2017 വരെ |

| | |
|---|---|

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ. കെ ജയൻ | 01.04.2016മുതൽ 16.08.2016 വരെ |
| | ശ്രീ. മോഹനൻ പൂഴിക്കൽ | 17.08.2016മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.മിഥുൻ കൈലാസ് | 01.04.2016 മുതൽ 22.11.2016 വരെ |
| | ഒഴിവ് | 23.11.2016 മുതൽ 30.12.2016 വരെ |
| | ശ്രീ.പ്രേമരാജൻ. ഒ.കെ | 31.12.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീ. ബെൽസി ബാബു | 01.04.2016 മുതൽ 23.07.2016 വരെ |
| | ശ്രീമതി. അമൃത.എ.എസ് | 24.07.2016 മുതൽ 21.10.2016 വരെ |
| | ശ്രീമതി. വൈശാഖി കെ.എസ് | 22.10.2016 മുതൽ 31.03.2017 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി. കെ.എം.ജമീല | 01.04.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ | ശ്രീ.അരുൺ ആർ | 01.04.2016 മുതൽ 04.08.2016 വരെ |
| | ശ്രീ.രാജേഷ്.പി | 05.08.2016 മുതൽ 31.03.2017 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.വിശ്വനാഥൻ എം | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (PHC) | ഡോ.പ്രസന്നകുമാർ | 01.04.2016 മുതൽ 07.09.2016 വരെ |
| | ഡോ.മുഹമ്മദ് ഫൈസൽ സീ.കെ | 08.09.2016 മുതൽ 13.01.2017 വരെ |
| | ഒഴിവ് | 14.01.2017 മുതൽ 28.01.2017 വരെ |
| | ഡോ.കൃഷ്ണപ്രസാദ്.ടി | 29.01.2017 മുതൽ 18.02.2017 വരെ |
| | ഡോ.ജാനിഫ്.കെ.എം | 19.02.2017 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.രഹന.പി | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | കാർത്തികേയൻ പി | 01.04.2016 മുതൽ 23.07.2016 വരെ |
| | ഒഴിവ് | 24.07.2016 മുതൽ 12.08.2016 വരെ |
| | അബ്ദുൾ ഫിറോസ് | 13.08.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ. ബിനീഷ്.എ | 01.04.2016 മുതൽ 20.08.2016 വരെ |
| | ശ്രീ. മഹേഷ്.ഒ | 21.08.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം I പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |

| | | |
|---|---|---|
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| ഭാഗം II വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 12 | ഡി & ഒ ലൈസൻസ് നൽകിയതിലെ അപാകതകൾ | 2-1 |
| 13 | പഞ്ചായത്ത് പരിധിയിൽ മൊബൈൽ ടവറുകൾ അനധികൃതമായി പ്രവർത്തിക്കുന്നു | 2-2 |
| 14 | ബി എസ് എൻ എൽ എക്സ്ചേഞ്ച് തൊഴിൽ നികുതി അടക്കുന്നില്ല | 2-3 |
| 15 | വസ്തു നികുതി - വാർഷിക ധനകാര്യ പത്രികയിലെ രേഖകളും ഡി.സി.ബി (സഞ്ചയ) രേഖകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 2-4 |
| 16 | 60 ച. മീറ്ററിന് താഴെ തറവിസ്തീർണ്ണമുള്ള വാസഗൃഹങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കി | 2-5 |
| ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 17 | ചെലവു തുക വിനിയോഗിച്ചതിന്റെ വിശദാംശം ലഭ്യമല്ല | 3-1 |
| 18 | ഫർണിച്ചർ വങ്ങിയതിലെ അപാകതകൾ | 3-2 |
| 19 | ആയുർവേദ ഡിസ്പെൻസറിക്ക് മരുന്നുകൾ ലഭ്യമായില്ല | 3-3 |
| 20 | പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലേക്ക് മുഴുവൻ മരുന്നുകളും ലഭ്യമായില്ല | 3-4 |
| 21 | പരിരക്ഷാ പദ്ധതി (ഹോം കെയർ) സംബന്ധിച്ച് | 3-5 |
| 22 | പി.എച്ച്.സി - ഔദ്യോഗിക വാഹനത്തിന്റെ മെയിന്റനൻസ് ചെലവിലേക്കുള്ള മുഴുവൻ ബില്ലുകളും ഹാജരാക്കിയില്ല | 3-6 |
| 23 | പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലേക്ക് കംപ്യൂട്ടർ, ഫോട്ടോകോപ്പിയർ, പ്രൊജക്ടർ എന്നിവ വാങ്ങിയതിലെ അപാകതകൾ | 3-7 |
| 24 | വി.ഇ.ഒ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ | 3-8 |
| 25 | കന്നുകുട്ടി പരിപാലന പരിപാടി പൂർത്തിയാക്കാത്തത് സംബന്ധിച്ച് | 3-9 |
| 26 | ടെൻഡർ ഷെഡ്യൂൾ വില ഗ്രാമപഞ്ചായത്തിന് ലഭ്യമാകാത്തത് | 3-10 |
| 27 | പഞ്ചായത്ത് ഭൂമി സംരക്ഷിക്കാൻ സ്വീകരിച്ച നടപടി സംബന്ധിച്ച് | 3-11 |
| 28 | വാർഷിക പദ്ധതി രേഖ തയ്യാറാക്കുന്നത് സംബന്ധിച്ച് | 3-12 |
| 29 | കരാറുകാരൻ സേവന നികുതി അടച്ചതിന്റെ രേഖയില്ല | 3-13 |
| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 30 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 |
| 31 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 33 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 34 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |

| | | |
|---|---|---|
| 35 | ഓഡിറ്റ് റിക്കവറി | 4-6 |
| 36 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 39 | അനുബന്ധം | 4-9 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2016-17 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ./തിയ്യതി | ( പുതുക്കിയത് ) തീരുമാന നമ്പർ./തിയ്യതി |
|---|---|
| PR No: I(1) Dated 04.03.2016 | PR No: II Dated 30.03.2017 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-07-2017 | 30/06/2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 27-09-17 മുതൽ 11-10-17 വരെ | സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട് |

1).2015-16 വർഷത്തെ ഓഡിറ്റ് സർട്ടിഫിക്കേഷൻ പ്രകാരമുള്ള അപാകതകൾ(ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-3) പരിഹരിച്ചിട്ടില്ല.

2).അക്കൗണ്ടുകളിൽമേലുള്ള കുറിപ്പുകൾ,മുൻ വർഷത്തെ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

3)അക്രൂവൽ അടിസ്ഥാനത്തിലേയ്ക്ക് മാറുന്നതിന് മുമ്പുള്ള മുഴുവൻ സ്ഥാവര ജംഗമ ആസ്തികൾ തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല..

4) വൗച്ചറുകൾ ഫണ്ട് അടിസ്ഥാനത്തിൽ ഇനം തിരിച്ച സൂക്ഷിച്ചിട്ടില്ല.

5)തൻവർഷത്തെ സ്റ്റോർ പർച്ചേസിന്റെയും ,ക്ളോസിംഗ് സ്റ്റോക്കിന്റെയും മൂല്യം, എ.എഫ്.എസുമായി ഒത്തു നോക്കാൻ സാധ്യമാകും വിധത്തിൽ തയാറാക്കിയിട്ടില്ല.

6)ബാലൻസ് ഷീറ്റിൽ അസറ്റ് സൈഡിൽ കാണിച്ച Sundry debtors(receivable) തുക ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.

7)നിർവഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കിയ പദ്ധതികളിൽ നിന്നും ഈടാക്കുന്ന വാറ്റ്,ആദായ നികുതി,നിർമാണ തൊഴിലാളി ക്ഷേമനിധി എന്നിവ അക്കൗണ്ടിൽ ഉൾപ്പെടുത്തുന്നില്ല. സോഫ്റ്റ് വെയറിൽ ഓപ്ഷൻ ഇല്ല എന്നാണ് ഇതു സംബന്ധിച്ച് നൽകിയ വിശദീകരണം.
അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി നം. 4/9-10-17 - നുള്ള മറുപടിയിൽ അറിയിച്ചു.

## 1-4 സാമ്പത്തിക വിശകലനം

ധനകാര്യപത്രിക (AFS പ്രകാരമുള്ള വിവരങ്ങൾ)

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 27008565 |
| വരവ് | 49199688 |
| ആകെ | 76208253 |
| ചെലവ് | 44597171 |
| നീക്കിയിരിപ്പ് | 31611082 |

## 1-5 ഫണ്ട് വിനിയോഗം

(അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം )

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കിബാക്കി (Lapsed) | നീക്കിബാക്കി(RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 11766003 | 11766003 | 11479187 | 286816 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 2203056 | 2203056 | 1887762 | 315294 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 2241 | 2241 | 0 | 2241 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 5199804 | 5199804 | 1857354 | 3342450 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3244098 | 3244098 | 2391148 | 852950 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 6599429 | 6599429 | 4637554 | 1961875 | 0 |
| പെർഫോർമൻസ് ഗ്രാന്റ് (ലോക ബാങ്ക് സഹായം) | 0 | 2584984 | 2584984 | 675313 | 1909671 | 0 |
| പെർഫോർമൻസ് ഗ്രാന്റ് (സ്റ്റേറ്റ് വിഹിതം) | 0 | 908208 | 908208 | 0 | 908208 | 0 |
| ബി-ഫണ്ട് | 0 | 39067425 | 39067425 | 39067425 | 0 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എ | 593 | 12763682 | 12764275 | 12762528 | 0 | 1747 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച | ഭാഗികമായി | നടപ്പാക്കാത്തവ | പൂർത്തീകരിച്ച |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | | (എണ്ണം) | തുക | നടപ്പാക്കിയത്(എണ്ണം) | (എണ്ണം) | പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 126 | 61471478 | 68 | 29668391 | 8 | 50 | 53.97 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-7 തനത് വരുമാനം

മുൻ വർഷത്തെ അപേക്ഷിച്ച് ഗ്രാമപഞ്ചായത്തിന് തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം വർധന / കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | % (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2967480 | 3630058 | 662578 | 18.25 |
| നികുതിയേതര വരവുകൾ | 352788 | 407916 | 55128 | 13.51 |
| മറ്റ് വരവുകൾ | 104225 | 89869 | (-)145356 | (-)15.97 |
| ആകെ | 3424493 | 4127843 | 703350 | 17.04 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 48120 | 32 |
| കർഷകതൊഴിലാളി വേതനം | 1525540 | 179 |
| വിധവാപെൻഷൻ | 13800600 | 1370 |
| വാർദ്ധക്യകാലപെൻഷൻ | 19203030 | 1738 |
| വികലാംഗപെൻഷൻ | 3465355 | 373 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 690000 | 23 |
| 50 വയസ്സിനു മുകളിലുള്ള | 334780 | 32 |

| | | |
|---|---|---|
| അവിവാഹിത പെൻഷൻ | | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27-09-2017ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയും കാഷ് ബാലൻസ് കൃത്യത (200 രു.)ഉറപ്പു വരുത്തുകയും ചെയ്തു.

## 1-10 ആഭ്യന്തര നിയന്ത്രണം

പ്രത്യേക അഭിപ്രായമില്ല

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18/09/2017 | 08/17 വരെ | ലഭിച്ചിട്ടില്ല |
| എ.ജി ഓഡിറ്റ് | 14/12/2009 | 2004-05 മുതൽ 2008-09 വരെ | 15/01/2010 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി & ഒ ലൈസൻസ് നൽകിയതിലെ അപാകതകൾ

ജി.ഒ (ആർ.ടി) 795/2007/ ത.സ്വ.ഭ.വ തീയ്യതി 16.03.2007 പ്രകാരം ഡി&ഒ ലൈസൻസ് നേടുമ്പോൾ/പുതുക്കുമ്പോൾ സ്ഥാപനങ്ങൾ അവ സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ പേര് ബോർഡിൽ രേഖപ്പെടുത്തി എന്ന് ഉറപ്പ് വരുത്തണം. 30 മൈക്രോണിൽ താഴെയുള്ള പ്ളാസ്റ്റിക്ക് കാരിബാഗുകൾ നിരോധിച്ചുകൊണ്ടുള്ള മലിനീകരണ നിയന്ത്രണ ബോർഡ് വിജ്ഞാപനം പാലിക്കുമെന്നും ഉറപ്പ് വരുത്തണം. ഇതിലേക്കായി എല്ലാ സ്ഥാപനങ്ങളിൽ നിന്നും സത്യവാങ്മൂലം ലഭ്യമാക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഡി & ഒ ലൈസൻസ് നൽകുമ്പോൾ ഈ നടപടിക്രമം പാലിച്ചിട്ടില്ല എന്ന് കാണുന്നു. ഓഡിറ്റ് എൻക്വയറി നം. 8 പ്രകാരം വസ്തുത പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും തുടർനടപടികളെടുക്കാൻ നിർദേശിക്കുകയും ചെയ്തു.

## 2-2 പഞ്ചായത്ത് പരിധിയിൽ മൊബൈൽ ടവറുകൾ അനധികൃതമായി പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിച്ച വരുന്ന മൊബൈൽ ടവറുകളുടെ വിശദാംശങ്ങൾ ആരാഞ്ഞു കൊണ്ട് ഓഡിറ്റ് എൻക്വയറി നം. 16 നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മേൽ ടവറുകൾക്ക് പെർമിറ്റ് നൽകിയ ആ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടങ്ങളിലെ ചട്ടം 118 പ്രകാരം പഞ്ചായത്ത് സെക്രട്ടറിയിൽ നിന്ന് അനുവാദം വാങ്ങാതെ യാതൊരാളും ഏതെങ്കിലും സർക്കാരിതര വാർത്താവിനിമയ ഗോപുരങ്ങളോ, വാർത്താവിനിമയ തൂണ് നിർമ്മാണങ്ങളോ/പുനർനിർമ്മാണങ്ങളോ നടത്താൻ പാടില്ലാത്തതാകുന്നു.

ആയതിനാൽ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടങ്ങളിലെ ചട്ടം 137(4) പ്രകാരമുള്ള രാജിയാക്കൽ ഫീസ് ഈടാക്കി മൊബൈൽ ടവർ നിർമ്മാണം ക്രമവൽക്കരിക്കാനും അവയുടെ വസ്തു നികുതി ഈടാക്കാനും നടപടികൾ സ്വീകരിക്കേണ്ടതും ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടി വിവരം ആദ്യ മറുപടിയിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 2-3 ബി എസ് എൻ എൽ തൊഴിൽ നികുതി സ്ഥാപന വിഹിതം അടവാക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ് പ്രകാരം പഞ്ചായത്തിന്റെ പരിധിയിലുള്ള എല്ലാ വാണിജ്യ സ്ഥാപനങ്ങളും തൊഴിൽ നികുതി അടവാക്കേണ്ടതാകുന്നു. ഒഴൂർ ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള ബി എസ് എൻ എൽ എക്സ്ചേഞ്ചിൽ നിന്നും തൊഴിൽ നികുതി (സ്ഥാപന വിഹിതം) ഈടാക്കിയതായി കാണുന്നില്ല.

ബി എസ് എൻ എൽ ഒരു ഗവൺമെന്റ് കമ്പനി ആണെങ്കിലും 1956- ലെ കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ഒരു വാണിജ്യ സ്ഥാപനമാണ്. ബി എസ് എൻ എൽ Vs സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് എന്ന കേസിന്റെ 07/09/2016 ലെ കേരള ഹൈക്കോടതി വിധിയിൽ ബി എസ് എൻ എല്ലിനെ 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പരിധിയിൽ 'ബിസിനസ് നടത്തുന്ന' ഒരു സ്ഥാപനമായി കണക്കാക്കി പഞ്ചായത്തിലേക്ക് തൊഴിൽ നികുതി (സ്ഥാപനങ്ങൾ) അടക്കാൻ ഉത്തരവിട്ടിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി നം. 13 ലൂടെ ഈ വസ്തുത പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. നികുതി ഈടാക്കിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 2-4 വസ്തു നികുതി - വാർഷിക ധനകാര്യ പത്രികയിലെ രേഖകളും ഡി.സി.ബി (സഞ്ചയ) രേഖകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല

വസ്തു നികുതി സംബന്ധിച്ച സാംഖ്യ അടിസ്ഥാനത്തിലുള്ള വാർഷിക ധനകാര്യ പത്രികയിലെ രേഖകളും സഞ്ചയ അടിസ്ഥാനത്തിലുള്ള ഡി.സി.ബി രേഖകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| 2016-17 വർഷത്തെ ഡി.സി.ബി (കറന്റ്) | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| എ.എഫ്.എസ് (സാംഖ്യ) പ്രകാരം | 2789358 (ഐ&ഇ സ്റ്റേറ്റ്മെന്റ് പ്രകാരം) | 1498588 (ആർ&പി സ്റ്റേറ്റ്മെന്റ് പ്രകാരം) | 951096 (ബാലൻസ് ഷീറ്റ് പ്രകാരം) |
| സഞ്ചയ പ്രകാരം | 2401037 | 1493083 | 826183 |

സാംഖ്യയും സഞ്ചയയും തമ്മിലുള്ള പൊരുത്തക്കേടുകൾ പരിഹരിക്കേണ്ടതാണ്.

## 2-5 60 ച. മീറ്ററിന് താഴെ തറവിസ്തീർണ്ണമുള്ള വാസഗൃഹങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കി

സ.ഉ (എം.എസ്) നം. 144/15/ത.സ്വ.ഭ.വ തീയ്യതി 27-04-2015 പ്രകാരം 60 ച. മീ. വരെ തറവസ്തീർണ്ണമുള്ള ഏകവാസഗൃഹങ്ങളെ 2015-16 മുതൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ ഈ തരത്തിലുള്ള വാസഗൃഹങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കിയതായി കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഹൌസ് നം./വാർഡ് | ഉടമയുടെ പേര് | തറവിസ്തീർണ്ണം | ഈടാക്കിയ വസ്തു നികുതി |
|---|---|---|---|---|
| 1 | 451A/ 10 | ഗോപാലൻ | 60 | 144 |
| 2 | 280A/ 06 | ലക്ഷ്മി | 41 | 115 |
| 3 | 291C/ 08 | വീരഭദ്രൻ | 52 | 208 |
| 4 | 219A/ 01 | വിജയൻ | 57.40 | 161 |
| 5 | 332C/ 05 | മനോജ് | 57.60 | 185 |

| | | | | |
|---|---|---|---|---|
| 6 | 191A/ 07 | ഐഷക്കുട്ടി | 48 | 135 |
| 7 | 369D/ 08 | സറഫുദ്ദീൻ | 40 | 128 |
| 8 | 250A/ 06 | ഫാത്തിമ | 46 | 148 |
| 9 | 282A/ 14 | ആയിഷു | 58.27 | 234 |
| 10 | 399A/ 18 | സെറീന | 54.47 | 175 |
| 11 | 115A/ 07 | നബീസു | 53 | 170 |
| | | | ആകെ | 1803 |

സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ചെലവു തുക വിനിയോഗിച്ചതിന്റെ വിശദാംശം ലഭ്യമല്ല

സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികളുടെ ചെലവു രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

| ക്രമ നം. | വിഷയം /പദ്ധതി നമ്പർ | ബിൽനം/ തീയതി | തുക | അപാകത |
|---|---|---|---|---|
| 1 | ജലനിധി പദ്ധതി 21 ഗുണഭോക്താക്കൾക്ക് ടോയ്‌ലറ്റ് നിർമാണത്തിനു മുൻകൂർ | 51600380 4.10.16 | 161,700 | തുടർനടപടി- പൂർത്തീകരണ വിവരം ഇല്ല |
| 2 | ഐ.കെ.എമ്മിന് വിഹിതം നല്കൽ 044/17 | 51600528 19.12.2016 | 43,785 | വിനിയോഗ സാക്ഷ്യപത്രമില്ല |
| 3 | തെരുവു നായ നിയന്ത്രണം 156/17 | 51600699 6.3.17 | 100,000 | “” |
| 4 | സാമൂഹ്യ സുരക്ഷാമിഷനു സംഭാവന 172/17 | 51600702 6.3.17 | 190,308 | “” |

| | | | | |
|---|---|---|---|---|
| 5 | ജില്ലാ പ്ലാനിംഗ് കമ്മിറ്റി കെട്ടിട നിർമാണ വിഹിതം 173/17 | 51600703<br>6.3.17 | 200,000 | “” |
| 6 | ബ്ളോക്ക്പഞ്ചായത്തിനു പിഎംഎവൈ വിഹിതം നല്കൽ 81/17 | 51600749<br>10.3.17 | 360,000 | “” |
| | | ആകെ | 1055793 | |

മേൽ തുകകൾ അതാതു ആവശ്യത്തിനു വിനിയോഗിച്ചതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്. ആയതു ലഭ്യമാക്കുന്നത് വരെ ചെലവു തുക 1055793 തടസത്തിൽ വെക്കുന്നു.

## 3-2 ഫർണിച്ചർ വങ്ങിയതിലെ അപാകതകൾ

പദ്ധതി: പഞ്ചായത്ത് ഓഫീസിലേക്ക് ഫർണിച്ചർ വാങ്ങൽ

പ്രൊ. നം. SO161/2016-17

തുക 76998/-; ബിൽ നം. 51600819 തി. 30.3.2017

സെക്രട്ടറി നിർവഹണം നടത്തിയ മേൽ പദ്ധതി പ്രകാരം ലീഡർ വുഡ് ഇൻഡസ്ട്രീസ് തെക്കൻ കുറ്റൂർ എന്ന സ്ഥാപനത്തിൽ നിന്നും 05 സ്റ്റീൽ കാബിനെറ്റും 10 സ്റ്റീൽ റാക്കും ഒരു സ്റ്റീൽ ടേബിളും പഞ്ചായത്ത് ഓഫീസിലേക്കായി വാങ്ങിയിട്ടുണ്ട് . എന്നാൽ മേൽ ഫർണിച്ചറിൽ സ്റ്റീൽ റാക്കുകൾ നാളിതു വരെ ഉപയോഗ യുക്തമാക്കാതെ ഫ്രണ്ട് ഓഫീസിനു സമീപം കൂട്ടിയിട്ടിരിക്കുന്നതായി ബന്ധപ്പെട്ട ഉദ്യോഗസ്ഥനുമായി നടത്തിയ പരിശോധനയിൽ ഓഡിറ്റിനു ബോധ്യപ്പെട്ടു. ശേഷിക്കുന്ന ഫർണിച്ചറുകളുടെ നിലവിലെ അവസ്ഥയും,ആർക്കാണു വിതരണം ചെയ്തതെന്നതു സംബന്ധിച്ചുള്ള വിശദാംശങ്ങളും ഓഡിറ്റിനു ലഭ്യമാക്കേണ്ടതും ആവശ്യകത കൃത്യമായി നിർണയിക്കാതെ ഇത്തരത്തിൽ പർച്ചേസ് നടത്തിയതിനു വിശദീകരണം നല്കേണ്ടതുമാണ്. ചെലവു തുക 76998/- തടസത്തിൽ വെക്കുന്നു.

## 3-3 ആയുർവേദ ഡിസ്പെൻസറിക്ക് മരുന്നുകൾ ലഭ്യമായില്ല

പ്രൊജക്ട് നം. : S0005/17 (നോൺ റോഡ് മെയിന്റനൻസ്)
നിർവ്വഹണ ഉദ്യോഗസ്ഥ : മെഡിക്കൽ ഓഫീസർ - ആയുർവേദം

ആയുർവേദ ഡിസ്പെൻസറിക്ക് മരുന്നുകൾ വാങ്ങാൻ 4,00,000/- രൂപ വകയിരുത്തി പദ്ധതി രൂപീകരിച്ചിരുന്നു (പ്രൊജക്ട് നം. S0005/17 – നോൺ റോഡ് മെയിന്റനൻസ്). ഇതു പ്രകാരം മെഡിക്കൽ ഓഫീസർ - ആയുർവേദം, "ഔഷധി"യുമായി 25/01/2017-ന് കരാറിൽ ഏർപ്പെട്ടതായും, 10/01/2017ന് മുഴുവൻ തുകയും കൈമാറിയതായും കാണുന്നു (ട്രഷറി ബിൽ നം. 01/16-17 തീ. 28/12/2016, ഡി ഡി നം. 464510 തീ. 10/01/2017). കരാറിലെ വ്യവസ്ഥ പ്രകാരം കരാറിൽ ഏർപ്പെട്ട് 60 ദിവസങ്ങൾക്കകം മുഴുവൻ മരുന്നുകളും വിതരണം ചെയ്യേണ്ടതായിരുന്നു. മരുന്നുകൾ വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു:

| ക്രമ നം. | തുക | ഇൻവോയ്സ് നം. | തീയ്യതി |
|---|---|---|---|
| 1 | 19396 | 90030137 | 17/08/2016 |
| 2 | 95920 | 5030 | 31/03/2017 |
| 3 | 166793 | 3796 | 31/01/2017 |

| | | | |
|---|---|---|---|
| ആകെ | 2,82,109 | | |

ബാക്കി തുകക്കുള്ള (1,17,891/- രൂപ) മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ ഊർജിതപ്പെടുത്തുമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നം. 10 നുള്ള മറുപടി) ആയത് ലഭ്യമാകുന്നത് വരെ ചെലവു തുക 1,17,891/- തടസത്തിൽ വെക്കുന്നു.

## 3-4 പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലേക്ക് മുഴുവൻ മരുന്നുകളും ലഭ്യമായില്ല

പ്രൊജക്ട് നം. : S0073/17

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, പ്രാഥമിക ആരോഗ്യ കേന്ദ്രം

പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലേക്ക് മരുന്നുവാങ്ങൽ ഇനത്തിൽ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലേക്ക് 4,00,000/- രൂപ കൈമാറിയതായി കാണുന്നു. എന്നാൽ 94,732/- രൂപക്കുള്ള മരുന്നുകൾ ഇനിയും ലഭിക്കാനുണ്ടെന്ന് ഓഡിറ്റ് എൻക്വയറി നം. 9 നുള്ള മറുപടിയിലൂടെ അറിയിച്ചു. ശേഷിക്കുന്ന മരുന്നുകൾ ലഭ്യമായതിന്റെ വിശദാംശം അറിയിക്കുന്നതു വരെ 94,732/- രൂപ തടസപ്പെടുത്തുന്നു.

## 3-5 പരിരക്ഷാ പദ്ധതി (ഹോം കെയർ) സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിനു കീഴിലെ പരിരക്ഷാ പദ്ധതി (ഹോം കെയർ) നല്ല രീതിയിൽ നടന്നു പോകുന്നു. എന്നാൽ ഓഡിറ്റിനായി സമർപ്പിക്കപ്പെട്ട രേഖകളിലും, നടപടിക്രമങ്ങളിലും ഉണ്ടായ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ പരിഹരിക്കേണ്ടതാണ്.

1. ഹോം കെയർ വാഹനത്തിന്റെ ഡ്രൈവർ ദിവസവേതനാടിസ്ഥാനത്തിലാണ് ജോലി ചെയ്യുന്നത്. എന്നാൽ പ്രവൃത്തി ദിനങ്ങൾ കണക്കാക്കാനുപയോഗിക്കുന്ന മസ്റ്റർ റോൾ അപൂർണ്ണമാണ്. ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിലെ ഡ്രൈവറുടെ മസ്റ്റർ റോൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

2. ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിൽ 93 ഹോം കെയർ ദിനങ്ങളിലായി റിഫ്രഷ്മെന്റ് ചാർജിനത്തിൽ 93 X 250 = 23,250/- രൂപ കൈമാറിയതായി കാണുന്നു. എന്നാൽ ഗൃഹസന്ദർശന സംബന്ധിച്ച് ലഭ്യമായ രേഖകൾ പ്രകാരം 75 ഹോം കെയർ ദിനങ്ങൾ മാത്രമേ ഉണ്ടായിട്ടുള്ളൂ. കൂടുതൽ ദിനങ്ങളിൽ റിഫ്രഷ്മെന്റ് ചാർജ് ഈടാക്കിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## 3-6 പി.എച്ച്.സി - ഔദ്യോഗിക വാഹനത്തിന്റെ മെയിന്റനൻസ് ചെലവിലേക്കുള്ള മുഴുവൻ ബില്ലുകളും ഹാജരാക്കിയില്ല

പ്രൊജക്ട് നം. : S0072/17

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, പ്രാഥമികാരോഗ്യകേന്ദ്രം

ഔദ്യോഗിക വാഹനത്തിന്റെ ഇന്ധനത്തിനും, ഇൻഷ്വറൻസിനും മറ്റ് അറ്റകുറ്റപ്പണികൾക്കുമായി 37036/- രൂപ ചെലവഴിച്ചതായി കാണുന്നു (പദ്ധതി ചെലവുപത്രിക പ്രകാരം, ട്രഷറി ബിൽ ഉൾപ്പെടുത്തിയിട്ടില്ല). എന്നാൽ കൂടെ സമർപ്പിക്കപ്പെട്ട ബില്ലുകളുടെ ആകെ തുക 19005/- രൂപയേ വരുന്നുള്ളൂ. ബാക്കി തുകയായ 18031/- രൂപയുടെ ചെലവു രേഖകൾ ഹാജരാക്കും വരെ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലേക്ക് കംപ്യൂട്ടർ, ഫോട്ടോകോപ്പിയർ, പ്രൊജക്ടർ എന്നിവ വാങ്ങിയതിലെ അപാകതകൾ

പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലേക്ക് കംപ്യൂട്ടർ, ഫോട്ടോകോപ്പിയർ, പ്രൊജക്ടർ എന്നിവ വാങ്ങിയതിലെ അപാകതകൾ ചുവടെ കൊടുക്കുന്നു

| ക്രമ നം. | പ്രൊജക്ട് നം. | പ്രൊജക്ട് തരം | ലക്ഷ്യം | അടങ്കൽ | ചെലവായ തുക |
|---|---|---|---|---|---|
| 1 | S0070/17 | മെയിന്റനൻസ് ഫണ്ട് റോഡിതരം | കംപ്യൂട്ടർ, ഫോട്ടോകോപ്പിയർ വാങ്ങൽ | 1,25,000 | 1,22,500 |

| | | | | | |
|---|---|---|---|---|---|
| 2 | S0071/17 | പൊതുവിഭാഗം സാധാരണവിഹിതം | പ്രൊജക്ടർ വാങ്ങൽ | 80,000 | 78,200 |
| | | | ആകെ | 2,05,000 | 2,00,700 |

1. ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത കാൻഡിഡ് സിസ്റ്റംസ് ആന്റ് ടെക്നോളജീസ് എന്ന സ്ഥാപനമാണ് മേൽപ്പറഞ്ഞ വസ്തുക്കൾ വിതരണം ചെയ്യാനുള്ള ടെണ്ടർ നേടിയത്. എന്നാൽ ടി സ്ഥാപനം നിരതദ്രവ്യം അടച്ചതിന്റെ രശീതി, VAT രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, സെക്യൂരിറ്റി ഡെപ്പോസിറ്റ് അടച്ചതിന്റെ രശീതി എന്നിവ ബന്ധപ്പെട്ട ഫയലുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 7 ന് ലഭിച്ച മറുപടിയിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് അടവാക്കിയില്ല എന്നു വ്യക്തമാക്കിയിട്ടുണ്ട്. സമർപ്പിക്കപ്പെട്ട സെയിൽസ് ടാക്സ് സർട്ടിഫിക്കറ്റ് കാലഹരണപ്പെട്ടതാണ്. VAT രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. തുടർ പദ്ധതികളിൽ ഈ നടപടിക്രമങ്ങളെല്ലാം പാലിക്കുന്നതാണ് എന്ന് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

2. ടി സ്ഥാപനത്തിലേക്ക് തുക കൈമാറിയ രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല. 1,16,500/- സ്വീകരിച്ചതായി സൂചിപ്പിക്കുന്ന കാൻഡിഡ് സിസ്റ്റംസ് ആന്റ് ടെക്നോളജീസ് എന്ന സ്ഥാപനത്തിന്റെ ഒരു രശീതി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതിൽ തീയ്യതി രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം. 7 വഴി ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനോട് പ്രസ്തുത രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ടിട്ടുണ്ട്. മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-8 വീട്ടു റിപ്പയറിംഗ് പൂർത്തിയാക്കിയതിന്റെ വിവരം ലഭ്യമല്ല

വീട്ടു പുനരുദ്ധാരണം- ജനറൽ S0163/16-17

ബിൽ നം. 10/16-17 തീയതി 29.3.2017:തുക 30,000

വി.ഇ.ഒ നടപ്പാക്കിയ മേൽ പദ്ധതി പരിശോധിച്ചതിൽ വിലാസിനി നെയ്യലത്ത് ഡി/ഒ നാരയണൻ എന്ന ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് വീട്ടു പുനരുദ്ധാരണത്തിനായി ആദ്യ ഗഡു 10000 രൂപ 29.3.2017-ന കൈമാറിയതല്ലാതെ വീട്ടു റിപ്പയറിംഗ് പൂർത്തിയായതിന്റെയോ രണ്ടാം ഗഡു വിതരണം ചെയ്തതിന്റെയോ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ഇതുമായി ബന്ധപ്പെട്ട നല്കിയ അന്വേഷണത്തിനു തുടർനടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. വീട്ടു റിപ്പയറിംഗ് പൂർത്തിയാകുന്ന മുറക്ക് ആയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

## 3-9 കന്നുകുട്ടി പരിപാലന പരിപാടി പൂർത്തിയാക്കാത്തത് സംബന്ധിച്ച്

നിർവ്വഹണം: വെറ്റിനറി സർജൻ

കന്നുകുട്ടി പരിപാലന പരിപാടിയുടെ ഭാഗമായി കർഷകരിൽ നിന്നും തെരഞ്ഞെടുത്ത കന്നുകുട്ടികൾക്ക് 30 മാസം പ്രായമാകുന്നതുവരെ കാലിത്തീറ്റ ലഭ്യാക്കുന്നതിന് വാർഷിക പദ്ധതിയിൽ വികസനഫണ്ട്,സംസ്ഥാന വിഹിതം,ഗുണഭോക്തൃ വിഹിതമുൾപ്പെടെ 6.75 ലക്ഷം രൂപ വകയിരുത്തി പഞ്ചായത്ത് വിഹിതം 168750 രൂപ ജില്ലാ തല നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറിട്ടുണ്ട്. തിരഞ്ഞെടുത്ത ക്ഷീരസഹകരണ സംഘം വഴി മാസം തോറും കാലിത്തീറ്റ വിതരണം ചെയ്യുമ്പോൾ വിലയുടെ 50% ഗുണഭോക്തൃവിഹിതം വിതരണ സമയത്ത് വെറ്റിനറി സർജൻ നേരിട്ട് ശേഖരിച്ച് ജില്ലാ തല നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറുന്ന രീതിയാണ് സ്വീകരിക്കുന്നത്.

ഗ്രാമ പഞ്ചായത്തിൽ നിന്നും തെരഞ്ഞെടുത്ത 27ഗുണഭോക്താക്കൾ ഉൾപ്പെടുന്ന പദ്ധതി ഏപ്രിൽ മാസത്തിൽ തുടങ്ങിയ ശേഷം 4 തവണ കാലിത്തീറ്റ വിതരണം നടന്നതായി നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരിക്കുകയുണ്ടായി. പദ്ധതിയുടെ നിർവ്വഹണ പുരോഗതി യഥാസമയം മോണിറ്റർ ചെയ്യേണ്ടതും സമയപരിധി പാലിച്ച് പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 3-10 ടെൻഡർ ഷെഡ്യൂൾ വില ഗ്രാമപഞ്ചായത്തിന് ലഭ്യമാകാത്തത്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പൊതുമരാമത്ത് പ്രവൃത്തികളിൽ ഇ-ടെൻഡർ സമർപ്പിക്കുമ്പോൾ

കരാറുകാരിൽ നിന്നും ഓൺലൈനായി നിരതദ്രവ്യവും ടെൻഡർ ഷെഡ്യൂൾ ഫീയും സ്വീകരിക്കുന്നതിനായി ജില്ലാ പഞ്ചായത്ത്, നഗരസഭ, കോർപ്പറേഷനുകളിലെ എഞ്ചിനീയറിംഗ് തലവൻമാർക്ക് ബാങ്കിൽ സീറോ ബാലൻസ് എകൗണ്ട് തുടങ്ങാൻ 28.09.2013 ലെ ജി.ഒ.(എം എസ്) 318/2013/LSGD പ്രകാരം അനുമതി നൽകിയതാണ്. ചീഫ് എഞ്ചിനീയറുടെ 10.10.2013 ലെ DB1-7942/2013/CE/LSGD നമ്പർ സർക്കുലറിൽ ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളുടെ ബാങ്ക് എക്കൗണ്ടുകളുമായി ബന്ധിപ്പിക്കുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ തുടങ്ങിയ ബാങ്ക് എക്കൗണ്ടിന്റെ വിശദാംശം ഇ-ടെൻഡർ നടപടികളുടെ നോഡൽ ഏജൻസിയായി അംഗീകരിച്ച കേരള സംസ്ഥാന ഐ.ടി മിഷന് കൈമാറാനും നിർദ്ദേശമുള്ളതാണ്.

ഒഴൂർ ഗ്രാമപഞ്ചായത്തിൽ 2016-17മുതലാണ് പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് ഇ-ടെൻഡർ നടപടി സ്വീകരിക്കുന്നത്. ചീഫ് എഞ്ചിനീയറുടെ 12.12.2016ലെ DB1-7942/2016/CE/LSGD നമ്പർ സർക്കുലറിൽ ഐ.ടി മിഷനിൽ നിന്നുമുള്ള വിവരത്തിന്റെ അടിസ്ഥാനത്തിൽ ഇ-ടെൻഡർ പൂർത്തികരിച്ച് എ.ഒ.സി അപ് ലോഡ് ചെയ്യുമ്പോൾ നിരതദ്രവ്യം ഓട്ടോമാറ്റിക്കായി ബിഡർമാരുടെ എക്കൗണ്ടിലേക്ക് തന്നെ തിരികെ പോകുന്ന സംവിധാനം 21.12.2106 മുതൽ നിലവിൽ വന്നതായി വ്യക്തമാക്കിയിട്ടുണ്ട്. എഗ്രിമെന്റ് അതോറിറ്റി കരാറിൽ ഏർപ്പെടുന്ന സമയത്ത് 5% സെക്യൂരിറ്റി ഡെപ്പോസിറ്റ് കരാറുകാരിൽ നിന്നും നേരിട്ട് സ്വീകരിക്കാനുള്ള നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ട്.

2016-17ൽ പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് ഇ-ടെൻഡർ നടപടി സ്വീകരിച്ചതനുസരിച്ച് ഇതിലൂടെ ടെൻഡർ ഷെഡ്യൂൾ വിലയായി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് എക്കൗണ്ടിലേക്ക് വന്ന തുക ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല.

2016-17 വർഷത്തിൽ നടപ്പിലാക്കാൻ അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി കരാർ വെച്ച ഇ-ടെൻഡർ പ്രോജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമനമ്പർ | പ്രോജക്ട് നമ്പർ | അടങ്കൽ തുക | കരാറുകാരുടെ എണ്ണം | ടെൻഡർ ഫോറം ആകെ വില (വിൽപ്പന നികുതി ഉൾപ്പെടെ) |
|---|---|---|---|---|
| 1 | 77/17:കുറുവട്ടിശ്ശേരി താന്നൂർ റോഡ് പുനരുദ്ധാരണം | 6ലക്ഷം | 2 | 1260x2= 2520രൂപ |
| 2 | 164/17:കതിർ കുളങ്ങര എരനല്ലൂർ റോഡ് | 6 ലക്ഷം | 3 | 1260x3= 3780രൂ |
| 3 | 78/17:ഓണക്കാട് OLHS കോളനി റോഡ് | 13 ലക്ഷം | 3 | 2630x3= 7890 രൂപ |
| 4 | 138/17:പുൽപ്പറമ്പ് മുടങ്ങൽ റോഡ് | 12 ലക്ഷം | 2 | 2630x2= 5260 രൂപ |
| 5 | 85/17:ഒഴൂർ GLP സ്കൂളിന് മൂത്രപ്പുര നിർമ്മാണം | 7ലക്ഷം | 2 | 1470x2=2940 രൂപ |

| | | | | |
|---|---|---|---|---|
| 6 | 88/17:കോറാഡ് GLP സ്കൂളിന് മൂത്രപ്പുര,അടുക്കള നിർമ്മാണം | 5ലക്ഷം | 2 | 1050x2=2100രൂപ |
| 7 | 69/17:വെട്ടുകുളം സഹകരണ റോഡ് | 4.67ലക്ഷം | 3 | 980x3= 2940രൂപ |
| 8 | 167/17:ഞാറ്റുതൊട്ടിപ്പാറ നാലും കൂടിയവഴി റോഡ് | 6.58ലക്ഷം | 2 | 1382x2= 2764രൂപ |

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം ഏറെക്കുറെ പൂർണ്ണമായും ഇ-ടെൻഡർ നടപടികളിലൂടെ നടപ്പിലാക്കുന്ന സാഹചര്യത്തിൽ ടെൻഡർ ഷെഡ്യൂൾ വിൽപ്പനയിലൂടെയുള്ള വരുമാനത്തിൽ ചോർച്ച വരാനുള്ള സാഹചര്യമാണുള്ളത്. എൽ.എസ്.ജി.ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എക്കൗണ്ടിലേക്ക് 2016-17മുതൽ ഓൺലൈനായി വന്ന ടെൻഡർ ഷെഡ്യൂൾ വില ഗ്രാമപഞ്ചായത്തിനും വിൽപ്പന നികുതി സർക്കാരിലേക്ക് അടവാക്കാനും നടപടി സ്വീകരിക്കേണ്ടതാണ്.

## 3-11 പഞ്ചായത്ത് ഭൂമി സംരക്ഷിക്കാൻ സ്വീകരിച്ച നടപടി സംബന്ധിച്ച്

ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ 23.06.2016 ലെ 13(1) തീരുമാനപ്രകാരം ഒഴൂർ വില്ലേജ്, ഒഴൂർ അംശം റി.സ നമ്പർ 129/4 ൽ ഉൾപ്പെടുന്ന 13 സെന്റ് ഭൂമി 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 218, അനുബന്ധ വകുപ്പുകൾ അനുസരിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായതാണെന്ന് വ്യക്തമാക്കുന്നുണ്ട്. ഇതെ ഭൂമിയുടെ അവകാശത്തിനായി എം എൽ ആർ ആക്ട് പ്രകാരം റവന്യൂ ഡിവിഷണൽ ഓഫീസർക്ക് അപേക്ഷ നൽകുന്നതിന് ഒരു വ്യക്തി പഞ്ചായത്തിന്റെ എൻ ഒ സി ആവശ്യപ്പെട്ടപ്പോഴാണ് ഭൂമിയുടെ യഥാർത്ഥ ഉടമസ്ഥത സംബന്ധമായ ചർച്ചയുണ്ടായതെന്ന് കാണുന്നു.

ഒഴൂർ വില്ലേജ് ഓഫീസറുടെ 02.06.2016 ലെ 75/16 നമ്പർ കത്തനുസരിച്ച് ഈ ഭൂമി നികുതി കെട്ടാത്ത ഭൂമിയിൽ ഉൾപ്പെടുന്ന കുളമാണെന്നും ഭൂമിക്ക് പട്ടയാധാർ ഇല്ലെന്നും വ്യക്തമാകുന്നുണ്ട്. പ്രസ്തുത വിവരം അപേക്ഷകനെ അറിയിക്കാനാണ് ഭരണ സമിതി തീരുമാനമെടുത്തതെന്ന് കാണുന്നു. പഞ്ചായത്തിൽ നിക്ഷിപ്തമായ ഭൂമി സംരക്ഷിക്കാൻ ഭരണ സമിതി തീരുമാനത്തെ തുടർന്ന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാൻ രേഖാമൂലം ആവശ്യപ്പെട്ടതിന് ഭൂമി അളന്ന് തിട്ടപ്പെടുത്തി അതിർത്തി നിർണ്ണയിക്കാൻ വില്ലേജ് ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് വിശദീകരിക്കുകയുണ്ടായി. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 3-12 വാർഷിക പദ്ധതി രേഖ തയ്യാറാക്കുന്നത് സംബന്ധിച്ച്

വാർഷിക പദ്ധതി രൂപീകരണത്തിനായി പുന:സംഘടിച്ച വിവിധ മേഖലകളുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകളും കരട് പ്രോജക്ട് നിർദ്ദേശങ്ങൾ പരിശോധിക്കുന്നതിനായി ചേരുന്ന ഗ്രാമസഭകളും തുടർന്നുള്ള വികസന സെമിനാർ യോഗവും പദ്ധതി രൂപീകരണ നടപടിക്രമങ്ങളിൽ സുതാര്യതയും ജനകീയ പങ്കാളിത്തവും ഉറപ്പ് വരുത്തുന്നതിൽ മാർഗ്ഗ നിർദ്ദേശങ്ങൾ പൂർണ്ണമായും നടപ്പിലാക്കുന്നില്ല. വിശദാംശം താഴെ ചേർക്കുന്നു.

1.വർക്കിംഗ് ഗ്രൂപ്പുകൾ:

മുൻവർഷ പ്രോജക്ടുകളുടെയും സ്ഥിതിവിവര കണക്കുകളുടേയും അടിസ്ഥാനത്തിൽ നിർദ്ദിഷ്ട പ്രഫോർമയിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ, പദ്ധതി മാർഗ്ഗരേഖയിൽ ഉൾപ്പെടുത്താനാവശ്യമായ വിശദാംശം എഴുതി തയ്യാറാക്കൽ, പ്രോജക്ട് രൂപീകരണത്തിൽ സ്റ്റാൻഡിംഗ് കമ്മറ്റികൾക്ക് ഉപദേശങ്ങൾ നൽകൽ, സാമ്പത്തിക - സാങ്കേതിക ക്ഷമതയുള്ളതും നിയമാനുസൃതവുമായ പ്രോജക്ടുകൾ നിശ്ചിത പ്രഫോർമയിൽ തയ്യാറാക്കൽ,

അംഗീകരിച്ച് നടപ്പിലാക്കിയ പ്രോജക്ടുകളുടെ മോണിറ്ററിംഗ് എന്നിവ വർക്കിംഗ് ഗ്രൂപ്പുകൾകളുടെ ചുമതലയാണെങ്കിലും മുഴുവൻ വർക്കിംഗ് ഗ്രൂപ്പുകളും ആദ്യയോഗം കഴിഞ്ഞ ശേഷം നിർവ്വഹണ, മോണിറ്ററിംഗ് ഘട്ടങ്ങളിൽ യോഗം ചേരുന്നില്ല.

വർക്കിംഗ് ഗ്രൂപ്പുകൾ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി അതത് വിഷയമേഖലയിൽ ഇതിനകം സൃഷ്ടിക്കപ്പെട്ടതും ആർജ്ജിച്ചതുമായ എല്ലാ സ്ഥാവര ജംഗമ ആസ്തികളുടേയും കണക്കെടുക്കണം. നിലവിലുള്ള ആസ്തികളുടെ സംരക്ഷണം, പരിപാലനം, ഉപയോഗക്ഷമത ഉറപ്പ് വരുത്തിയ ശേഷം മാത്രമെ വീണ്ടും സമാനസ്വഭാവമുള്ളവ സൃഷ്ടിക്കാവൂയെന്ന് നിർദ്ദേശിച്ചതാണ്. പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ കണക്കെടുക്കാനും പൂർത്തീകരിക്കാനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയായി നിർദ്ദേശിച്ചതാണ്. ബന്ധപ്പെട്ട മിനുട്സ് പുസ്തകങ്ങൾ പരിശോധിച്ചതിൽ പദ്ധതി രൂപീകരണ സമയത്ത് യോഗം ചേരുന്നുണ്ടെങ്കിലും അതാതു മേഖലയുമായി ബന്ധപ്പെട്ട സ്ഥിതി കണക്കുകൾ ശേഖരിച്ച് ക്രോഡീകരണം നടത്തി അവസ്ഥാ വിശകലന റിപ്പോർട്ട് തയ്യാറാക്കിയതിന്റെ വിവരം മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

യോഗങ്ങളിൽ ചെയർമാനും കൺവീനറും പങ്കെടുക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. പദ്ധതി രൂപീകരണ സമയത്തും തുടർന്നുള്ള നിർവ്വഹണം, മോണിറ്ററിംഗ് ഘട്ടങ്ങളിലും വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

2.പദ്ധതി ആസൂത്രണ ഗ്രാമസഭകൾ:

പദ്ധതി ആസൂത്രണ ഗ്രാമസഭകളുടെ ചുമതലയും നടത്തിപ്പിനുള്ള നടപടിക്രമങ്ങളും മാർഗ്ഗരേഖയിൽ വ്യക്തമാക്കിയതാണ്. ഗ്രാമസഭയിൽ പഞ്ചായത്തിന്റെ വികസന കാഴ്ചപ്പാട്, ചുമതലകൾ, മുൻവർഷത്തേയും തൻവർഷത്തേയും പദ്ധതി നിർവ്വഹണം, അടുത്ത വർഷത്തേക്ക് അയൽസഭ,വാർഡ് വികസന സമിതി എന്നിവ പരിശോധിച്ച വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കിയ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ എന്നിവയുടെ അവതരണം നിർബന്ധമായും ഉൾപ്പെടുത്താൻ നിർദ്ദേശമുള്ളതാണ്. ഗ്രാമസഭാ അജണ്ടയിൽ ഒരിനം മാത്രമായി വരുന്ന വാർഷിക പദ്ധതി രൂപീകരണത്തിന് അർഹമായ സമയവും ഗൗരവവും ലഭിക്കുന്നില്ലായെന്ന് നടപടിക്രമങ്ങൾ പരിശോധിച്ചാൽ വ്യക്തമാവുന്നുണ്ട്. വികസന സെമിനാറിൽ പങ്കെടുക്കേണ്ട പ്രതിനിധികളെ ഗ്രാമസഭകളിൽ തിരഞ്ഞെടുക്കുന്നില്ല. കരട് പദ്ധതി സംബന്ധിച്ച അവതരണങ്ങളെ തുടർന്ന് പരിശോധനയിൽ അംഗീകരിക്കാത്ത പ്രോജക്ട് നിർദ്ദേശങ്ങൾ, ആയതിന്റ കാരണം, ഭേദഗതി നിർദ്ദേശിച്ചതിന്റെ വിവരം, പുതിയതായി നിർദ്ദേശിച്ചവ, പ്രതീക്ഷിത ചെലവ് എന്നിവയുടെ വിവരം ഗ്രാമസഭാ മിനുട്സിൽ രേഖപ്പെടുത്താൻ നിർദ്ദേശമുള്ളതാണ്. ഗ്രാമസഭാ മിനുട്സിൽ ഇത്തരത്തിലുള്ള വിശദാംശം രേഖപ്പെടുത്തിയില്ല.

3.പദ്ധതി വികസന സെമിനാർ

ഗ്രാമസഭകൾ അംഗീകരിച്ച പ്രോജക്ട് നിർദ്ദേശങ്ങൾ ഉൾപ്പെടുന്ന കരട് വാർഷിക പദ്ധതി പഞ്ചായത്തിന്റെ വികസന കാഴ്ചപ്പാടിനും മുൻഗണനകൾക്കും അനുസൃതമാണോ തയ്യാറാക്കിയതെന്ന് വികസന സെമിനാറിലാണ് പരിശോധിക്കപ്പെടുന്നത്. കരട് വാർഷിക പദ്ധതി അച്ചടിച്ച് വികസനസെമിനാറിൽ പങ്കെടുക്കുന്നവർക്ക് വിതരണം ചെയ്തതായി രേഖയില്ല. മിനുട്സിൽ വികസന സെമിനാറിൽ പങ്കെടുത്തവർ ഏത് വാർഡിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധിയാണെന്ന് വ്യക്തമാക്കുന്നില്ല. വികസന സെമിനാറിന്റെ മിനുട്സിൽ യോഗ നടപടിക്രമങ്ങൾ മുഴുവനായി രേഖപ്പെടുത്തിയിട്ടില്ല. വികസന സെമിനാർ മിനിട്സിൽ വിവിധ വിഷയങ്ങൾ തിരിഞ്ഞ് പരിശോധിച്ച് പഞ്ചായത്ത് ഭരണ സമിതി അംഗീകാരത്തിനായി സമർപ്പിക്കുന്ന അന്തിമ പദ്ധതിയുടെ വിവരം രേഖപ്പെടുത്തിയിട്ടില്ല.

വാർഷിക പദ്ധതി, അനുബന്ധ ഉപപദ്ധതികളുടെ, രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് പ്രവർത്തനങ്ങളിൽ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകളും, പദ്ധതി മാർഗ്ഗരേഖാ നിർദ്ദേശങ്ങളും പൂർണ്ണമായും പാലിക്കുന്നതിന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതാണ്.

## 3-13 കരാറുകാരൻ സേവന നികുതി അടച്ചതിന്റെ രേഖയില്ല

നിർവ്വഹണം: അസി.എഞ്ചിനീയർ

പഞ്ചായത്ത് ഓഫീസിന് സമീപത്തുള്ള പൊതുകിണർ മെയിന്റേനൻസിനായി പ്രോജക്ട് നമ്പർ 90/17 ആയി വാർഷിക പദ്ധതിയിൽ ഒരു ലക്ഷം രൂപ വകയിരുത്തി നടപ്പിലാക്കിട്ടുണ്ട്. 2014 ലെ ഡി എസ് ആർ നിരക്കും

മോർത്ത് ഡാറ്റയുമനുസരിച്ച് തയ്യാറാക്കിയ എസ്റ്റിമേറ്റിൽ സേവന നികുതി അടവാക്കാനായി എസ്റ്റിമേറ്റ് തുകയുടെ 10.5 ശതമാനം ഉൾപ്പെടുത്തിട്ടുണ്ട്. നിലവിൽ സേവന നികുതിയുടെ പരിധിയിൽ വരുന്ന കെട്ടിട നിർമ്മാണ, മെയിന്റേനൻസ് പ്രവൃത്തികളിൽ സ്ഥാപനവും കരാറുകാരനും തുല്യമായാണ് മൂല്യനിർണ്ണയ തുകയുടെ യഥാക്രമം 6, 10.5ശതമാനം നിരക്കിൽ സേവന നികുതി അടവാക്കാൻ നിർദ്ദേശമുള്ളത്.

ഗ്രാമപഞ്ചായത്തിൽ 2016-17 വാർഷിക പദ്ധതിൽ ഉൾപ്പെടുത്തിയ കെട്ടിട നിർമ്മാണ പ്രവൃത്തികളിൽ സേവന നികുതി മുഴുവനായും അടച്ചതിന്റെ രേഖകൾ ഹാജരാക്കിയതിന് ശേഷം എസ്റ്റിമേറ്റിൽ ഉൾപ്പെടുന്ന സേവന നികുതി തുക കരാറുകാരന് അനുവദിക്കുന്ന രീതിയാണ് സ്വീകരിച്ചത്. എന്നാൽ സേവന നികുതി അടവാക്കാൻ നിർദ്ദേശമില്ലാത്തവയിൽപ്പെടുന്ന മേൽ കാണിച്ച പ്രവൃത്തിയിലും താഴെ കാണിച്ച പ്രകാരം സേവന നികുതി ഉൾപ്പെടുത്തി കരാറുകാരന് നൽകിയിട്ടുണ്ട്.

കരാറുകാരൻ : മരക്കാർ വി

മൂല്യനിർണ്ണയ തുക: 54609 രൂപ

സേവന നികുതി : 5734 രൂപ

ആകെ : 60343 രൂപ (വൗച്ചർ നമ്പർ 22/31.03.2017)

കരാറുകാരൻ സേവന നികുതി അടവാക്കിയതിന്റെ രേഖ ലഭ്യമാക്കാതെയാണ് തുക അനുവദിച്ചത്. സേവന നികുതി അടവാക്കി രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നതാണെന്ന് വിശദീകരണം ലഭ്യമാക്കി. 5734 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | 623671 |
| ആകെ | 623671 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 623671 |

| നിക്ഷേപങ്ങളുടെ വിവരം | തുക | രശീതി നം. |
|---|---|---|

| | | |
|---|---|---|
| | | |
| ഒഴൂർ സർവ്വീസ് സഹകരണ ബാങ്ക് | 623671 | FDR No.005759 due on 24.01.2017<br>Rt No. R2974 dtd. 16.06.2017 |

## 4-6 ഓഡിറ്റ് റിക്കവറി

വരവില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 31 | 2003-04 | മറ്റ് പരാമർശങ്ങൾ – ഒറ്റ നോട്ടത്തിൽ | റോഡ് പ്രവൃത്തി | നടപടി തുടരുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,91,99,688 രൂപ |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,45,97,171 രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 13,69,179/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1055793 | ശ്രീ.മോഹനൻ പൂഴിക്കൽ, സെക്രട്ടറി |
| 3-2 | 76,998 | ശ്രീ.മോഹനൻ പൂഴിക്കൽ, സെക്രട്ടറി |
| 3-3 | 1,17,891 | ഡോ.രഹന.പി, മെഡി.ഓഫീസർ (ആയുർവേദം) |
| 3-4 | 94,732 | ഡോ.ജാനിഫ്.കെ.എം, മെഡി.ഓഫീസർ(PHC) |
| 3-6 | 18,031 | ഡോ.ജാനിഫ്.കെ.എം, മെഡി.ഓഫീസർ(PHC) |

| | | |
|---|---|---|
| 3-14 | 5734 | മഹേഷ്.എ, അസി. എഞ്ചിനീയർ |
| ആകെ | 13,69,179/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-1998 | എൽ.എഫ്.എം-11/714/01/ തീ 07-10-2010 | 20 | |
| 1998-1999 | എൽ.എഫ്.എം-15/575/01/ തീ 07-10-2010 | 20 | |
| 1999-2000 | എൽ.എഫ്.എം-15/1487/02/ തീ 07-10-2010 | 11 | |
| 2000-2001 | എൽ.എഫ്.എം-15/1714/02/ തീ 07-10-2010 | 7 | |
| 2001-2002 | എൽ.എഫ്.എം-15/739/04/ തീ 07-10-2010 | 10 | |
| 2002-2003 | എൽ.എഫ്.എം-15/7434/01/ തീ 07-10-2010 | 19 | |
| 2003-2004 | എൽ.എഫ്.എം-11/1731/09/ തീ 07-10-2010 | 7 | |
| 2004-2005 | എൽ.എഫ്.എം-11/2021/08/ തീ 07-10-2010 | 8 | |
| 2005-2006 | എൽ.എഫ്.എം-14/1685/11/ തീ 19-03-2012 | 9 | |
| 2006-2007 | എൽ.എഫ്.എം-14/1686/11/ തീ 13-02-2012 | 12 | |
| 2007-2008 | എൽ.എഫ്.എം-14/55/12/ തീ 21-02-2012 | 17 | |
| 2008-2009 | എൽ.എഫ്.എം-14/56/12/ തീ 21-02-2012 | 19 | |
| 2009-2010 & 2010-2011 | എൽ.എഫ്.എം-14/1099/20/ തീ 20-07-2013 | 11 | |
| 2011-2012 & 2012-2013 | എൽ.എഫ്.എം-24/629/15/ തീ 21-04-2015 | 48 | |
| 2013-14 & 2014-15 | കെ.എസ്.എ-എംപിഎം.24/2062/2016 | 10 | |

| | | | |
|---|---|---|---|
| 2015-16 | കെ.എസ്.എ-എംപിഎം.24/23/2017 തീ.21-01-2017 | 20 | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ എസ് എ എം പി എം.10/2264/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

പിൻ- 676 505 ഫോൺ: 0483-2734951

dompm.ksad@kerala.gov.in

തീയ്യതി 25/11/2017

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകപ്പ് , ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്'ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ ഒഴൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മലപ്പുറം ജില്ലയിലെ ഒഴൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലപ്പുറം

അനുബന്ധം-2

# AUDIT CERTIFICATE

No. KSA/MPM/10/2264/2017

Kerala State Audit Department

District Audit office ,Malappuram

Phone: 0483 -2734951

Email: dompm.ksad@kerala.gov.in

Date: 25/11/2017

Certified that I have audited the Annual Financial Statement of Ozhur Grama panchayath in Malappuram District of the year ended on 31.3.2017 in accordance with section 4 of the Kerala Local Fund Audit Act 1994. Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Ozhur Grama panchayath for the year 2016-17 except the observations in My audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

Malappuram